IV ശ്രദ്ധക്ഷണിക്കൽ

'കേരഫെഡ്' കേര കർഷകരിൽ നിന്നും നേരിട്ട് നാളികേരം സംഭരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. സത്യൻ മൊകേരി : കേരളത്തിലെ നാളികേര കർഷകർ നേരിടുന്ന ഏറ്റവും ഗുരുതരമായ ഒരു പ്രശ്നത്തിലേയ്ക്ക് ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധക്ഷണിക്കുകയാണ്. ഏകദേശം മുപ്പത് ലക്ഷത്തിലധികം നാളികേര കർഷകർ കേരളത്തിലുണ്ട്. ഈ മുപ്പത് ലക്ഷത്തിലധികം നാളികേര കർഷകരുടെ നാളികേരത്തിന് വില കുറഞ്ഞതുകൊണ്ട് മുമ്പ് ഒരുകാലത്തും ഇല്ലാത്ത തരത്തിലുള്ള പ്രശ്നങ്ങൾ അവർ നേരിട്ടുകൊണ്ടിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ ഇറക്കുമതി നയം നരസിംഹ റാവു ഗവൺമെന്റിന്റെ കാലം മുതൽ ആരംഭിച്ചതാണ്. ആ ഇറക്കുമതി നയം ആരംഭിച്ചതിനുശേഷം നാളികേര ഉൽപന്നങ്ങൾ ഉൾപ്പെടെയുള്ള കാർഷിക വിളകൾ നമ്മുടെ സംസ്ഥാനത്ത് ഇറക്കുമതി ചെയ്യാൻ തീരുമാനിച്ചതോടുകൂടി എല്ലാ കാർഷിക ഉൽപന്നങ്ങളുടെയും വില കുറഞ്ഞു വരികയാണ്. ഇപ്പോൾ നാളികേര ഉൽപന്നങ്ങളുടെ കാര്യം മാത്രമേ പറഞ്ഞിട്ടുള്ളൂ. 2001 ഏപ്രിൽ മാസത്തോടുകൂടി നാളികേരം തൊണ്ടോടുകൂടിയും ഇളനീർ ഉൾപ്പെടെയും, ഇവിടെ ഇറക്കുമതി ചെയ്യുന്ന സാഹചര്യമാണ് വന്നുചേരാൻ പോകുന്നത്. അത്തരം ഒരു സാഹചര്യം വന്നുചേരുമ്പോൾ നാളികേരത്തിന്റെ വില ഇനിയും കുറയാൻ പോകുകയാണ്. ഇപ്പോൾ ഒരു നാളികേരത്തിന് ശരാശരി മൂന്നുരൂപ മാത്രമാണ് കിട്ടുന്നത്. ഈ സാഹചര്യം മനസ്സിലാക്കി നാളികേര കർഷകരെ സംരക്ഷിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് അടിയന്തിര നടപടികൾ സ്വീകരിക്കണം. അതോടൊപ്പം നാളികേര കർഷകരെ സംരക്ഷിക്കുന്നതിനുവേണ്ടി രൂപീകരിക്കപ്പെട്ടിട്ടുള്ള കേരഫെഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം. നമ്മുടെ സംസ്ഥാനത്തെ ആകെ വിള വിസ്തൃതിയുടെ 47 ശതമാനത്തിലാണ് നാളികേരം ഉൽപാദിപ്പിക്കപ്പെടുന്നത്. നമ്മുടെ നാളികേര ഉൽപാദനം പതിന്മടങ്ങ് വർദ്ധിച്ചിട്ടുണ്ട്. 1997-98-ൽ 8.84 ഹെക്ടർ സ്ഥലത്തായിരുന്നു തെങ്ങുകൃഷി ഉണ്ടായിരുന്നത്. 1999 ആകുമ്പോൾ അത് 10.8 ലക്ഷം ഹെക്ടറായി വർദ്ധിച്ചു. മൊത്തം നാളികേര ഉൽപാദനത്തിന്റെ കാര്യത്തിലും വർദ്ധനവുണ്ടായി. 1997-98-ൽ 5209 ദശലക്ഷം നാളികേരം കേരളത്തിലെ കർഷകർ ഉൽപാദിപ്പിച്ച സ്ഥാനത്ത് 1998-99 ആയപ്പോൾ അത് 6672 ദശലക്ഷം നാളികേരമായി വർദ്ധിച്ചു. ഇത്രയധികം നാളികേരം ഉൽപാദിപ്പിക്കുന്ന കർഷകരെ സംരക്ഷിക്കുന്നതിനു വേണ്ടി കേര ഫെഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം. ഇന്ന് കേരഫെഡ് കൊപ്രയാണ് സംഭരിക്കുന്നത്. കേരഫെഡ് കൊപ്ര സംഭരിക്കുന്നതിനുവേണ്ടി കേരളത്തിലെ 900-ത്തിലധികം വരുന്ന പ്രൈമറി സംഘങ്ങളെയാണ് ഏർപ്പെടുത്തിയിരിക്കുന്നത്. ഈ സംഘങ്ങൾക്ക് ഒൻപത് കോടിയോളം രൂപ കേര ഫെഡ് നൽകി. 120-ൽ താഴെ സംഘങ്ങൾ മാത്രമാണ് കൊപ്ര ശേഖരിക്കുന്നത്. പ്രൈമറി സംഘങ്ങൾ നാളികേര കർഷകരുടെ വിഷയങ്ങൾ കൈകാര്യം ചെയ്യാൻ ജാഗ്രത കാണിക്കുന്നില്ല. അവർ കൊപ്ര സംഭരിക്കുന്നില്ല. അവർക്ക് നൽകിയ പണം പണ്ടം പണയത്തിൽ പലിശയ്ക്ക് കൊടുക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കൊപ്ര സംഭരിക്കുന്ന ജോലി ചെയ്യുന്നില്ല. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, കേരളത്തിലെ നാളികേര കർഷകരെ സഹായിക്കാൻ കഴിയണമെങ്കിൽ പഞ്ചായത്തടിസ്ഥാനത്തിൽ കേരകർഷ സംഘങ്ങൾ ഉണ്ടാക്കി കർഷകരിൽ നിന്ന് നേരിട്ട് നാളികേരം സംഭരിച്ച് കേരകർഷക സംഘങ്ങൾ മുഖാന്തിരം അത് കൊപ്രയാക്കി മാറ്റി സൂക്ഷിക്കുന്ന സംവിധാനമുണ്ടാക്കണം. കേരഫെഡ് ഒരു കിന്റൽ കൊപ്രയ്ക്ക് 3250 രൂപ വില നിശ്ചയിച്ചു. പക്ഷേ കർഷകർക്ക് അതിന്റെ പ്രയോജനം കിട്ടുന്നില്ല. മാർക്കറ്റിൽ ഒരു കിന്റൽ കൊപ്രയ്ക്ക് 2225-2230 രൂപയേ ഉള്ളൂ. കേരഫെഡ് ഒരു കിന്റൽ കൊപ്രയ്ക്ക് 3250 രൂപ വച്ചാണ് സംഭരിക്കുന്നത്. കൃഷിക്കാരുടെ കയ്യിൽ കൊപ്ര ഇല്ല. നമ്മുടെ നാട്ടിലെ സ്ഥിതി എന്താണ് ? 80 ശതമാനം തെങ്ങുകൃഷിക്കാരും തേങ്ങയാണ് വിൽക്കുന്നത്. കച്ചവടക്കാരുടെ കയ്യിൽ മാത്രമേ കൊപ്ര ഉള്ളൂ. അപ്പോൾ ഈ സംഭരണത്തിന്റെ മെച്ചം കിട്ടുന്നത് കൃഷിക്കാർക്കല്ല, ഇടത്തട്ടുകാരായ നാളികേര കച്ചവടക്കാർക്കും കൊപ്ര ബിസിനസ്സുകാർക്കുമാണ്. കോടിക്കണക്കിന് രൂപ ഇതിനകം കൃഷിക്കാർക്ക് കിട്ടേണ്ടത് ഇടത്തട്ടുകാരായ കച്ചവടക്കാർ കൈപ്പറ്റിക്കഴിഞ്ഞിട്ടുണ്ട്. കേരഫെഡ് സംഭരിക്കുന്ന കൊപ്രയ്ക്ക് കിന്റലിന് ആയിരം രൂപയുടെ വ്യത്യാസമുണ്ട്. പ്രതിപക്ഷത്തിന് ഈ വിഷയത്തിൽ താൽപര്യമില്ലെന്നു തോന്നുന്നു. കേരളത്തിലെ നാളികേര കർഷകരുടെ പ്രശ്നം ചർച്ച ചെയ്യുന്ന സമയത്താണ് അവർ ബഹളമുണ്ടാക്കിക്കൊണ്ടിരിക്കുന്നത്. മുപ്പത് ലക്ഷത്തോളം നാളികേര കർഷകർ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾക്ക് വില ഇല്ലാത്ത ഒരു വിഷയത്തെക്കുറിച്ച് സഭയിൽ ചർച്ച ചെയ്യുമ്പോൾ പ്രതിപക്ഷം ഗോദയിൽ ഇറങ്ങി മുദ്രാവാക്യം വിളിച്ചു ബഹളമുണ്ടാക്കിക്കൊണ്ടിരിക്കുന്നത് ശരിയാണോ സാർ ? കൃഷിക്കാരിൽ നിന്ന് നാളികേരം നേരിട്ട് സംഭരിക്കണം. അതിനുവേണ്ടി പഞ്ചായത്തടിസ്ഥാനത്തിൽ കേരകർഷക സംഘങ്ങൾ രൂപീകരിക്കണം. ആ രൂപത്തിലുള്ള നടപടികൾ സ്വീകരിക്കുന്നതിന് കേര ഫെഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ടിയൊക്കെയുള്ള നടപടികൾ സത്വരം സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. വാർഡ് അടിസ്ഥാനത്തിലുള്ള കേര സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും, നാളികേരം കൊപ്രയാക്കി മാറ്റുന്നതിനായി കൊപ്ര ഡ്രൈയൂണിറ്റുകൾ തെങ്ങുകൃഷി മേഖലകളിൽ സ്ഥാപിക്കുന്നതിനും നടപടി ഉണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, അവിടെ ബഹുമാനപ്പെട്ട മെമ്പർ സത്യൻ മൊകേരി ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട പ്രശ്നങ്ങളാണ്.കേരളത്തിന്റെ കാർഷിക മേഖലയിൽ ഏറ്റവും സുപ്രധാനമായിട്ടുള്ള വിളയാണ് നാളികേരം. ആ നാളികേരത്തിന് അതിന്റെ സീസണിൽ കേന്ദ്ര ഗവൺമെന്റ് തറവില പ്രഖ്യാപിക്കാത്തതിന്റെ ഫലമായിട്ടാണ് ഇന്ന് കേരളത്തിൽ കേരകർഷകർ അഭിമുഖീകരിക്കുന്ന ഈ പ്രശ്നങ്ങളുണ്ടായിട്ടുള്ളത്. വളരെ വൈകിയാണ് കേന്ദ്ര ഗവൺമെന്റ് കൊപ്രയുടെ താങ്ങുവില പ്രഖ്യാപിച്ചത്. താങ്ങുവില പ്രഖ്യാപിക്കുന്നതിന് മുമ്പ് തന്നെ നാഫെഡുമായി സംസ്ഥാന ഗവൺമെന്റ് ചർച്ച നടത്തി. 1999-ൽ

LIBRARY ARCHIVES Kerala Legislative Assembly

സീസണിലെ വിലയ്ക്ക് കൊപ്ര സംഭരിക്കാനുള്ള നടപടി സ്വീകരിച്ചിരുന്നു. കേരഫെഡും മാർക്കറ്റിംഗ് ഫെഡറേഷനുമാണ് നാഫെഡിന്റെ ഏജൻസികളായി നമ്മുടെ സംസ്ഥാനത്ത് കൊപ്ര ശേഖരിച്ചിരുന്നത്. എന്നാൽ, യഥാർത്ഥത്തിൽ കൊപ്ര തെങ്ങുകൃഷിക്കാരുടെ കയ്യിൽ ഉണ്ടായിരുന്നില്ല. ഇടത്തട്ടുകാരുടെ കയ്യിൽ കൊപ്ര ഇല്ല. അത് ഈ സഭയിൽ ഉന്നയിച്ചതാണ് ഈ സഭയുടെ പൊതുവികാരത്തെ കണക്കിലെടുത്തുകൊണ്ടാണ് കൊപ്ര സംഭരണം തന്നെ നടത്തിയത്. ഈ സഭയിൽ അന്ന് ഉന്നയിച്ച ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ശ്രീ. പി. പി. തങ്കച്ചനും എല്ലാ പറഞ്ഞത് 25 മെട്രിക് ടൺ കൊപ്ര എങ്കിലും നമ്മുടെ സംസ്ഥാനത്തുനിന്ന് സംഭരിച്ച് സൂക്ഷിച്ചു വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ്. നാല്പതിനായിരം മെട്രിക് ടൺ കൊപ്ര ഇതുവരെ കേരഫെഡും മാർക്കറ്റിംഗ് ഫെഡറേഷനും അവരുടെ അംഗ സംഘങ്ങൾ വഴി ശേഖരിച്ച് സംരക്ഷിച്ച് വച്ചിട്ടുണ്ട്. എന്നിട്ടും നാളികേരത്തിന്റെ വില ഉയർന്നിട്ടില്ല. കർഷകന് കിട്ടേണ്ട വിഹിതം വർദ്ധിച്ചില്ല. അതുകൊണ്ട് ഇതിനെസംബന്ധിച്ച് കൂടുതൽ ചർച്ച ചെയ്യുന്നതിന് കേരളത്തിലെ കർഷക സംഘടനകളുമായും അതുപോലെ ബന്ധപ്പെട്ട എല്ലാ ഏജൻസികളുമായും ഗവൺമെന്റ് വിശദമായി ചർച്ച ചെയ്തു. അതിന്റെ ഫലമായിട്ട് ജൂൺ മാസം 1-ാം തീയതി മുതൽ കൃഷിഭവനിൽ നിന്ന് യഥാർത്ഥത്തിലുള്ള കൃഷി ആഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രം ഈ ഏജൻസികൾ കൊപ്ര ശേഖരിച്ചാൽ മതിയെന്ന് തീരുമാനിച്ചിരിക്കുകയാണ്. ഇപ്പോൾ ശേഖരിച്ച് വച്ചിട്ടുള്ള കൊപ്ര മാർക്കറ്റിൽ വിറ്റഴിക്കാൻ കഴിഞ്ഞാൽ ഇനിയും വില കുറയും. അതുകൊണ്ട് ഈ 40,000 മെട്രിക് ടൺ കൊപ്ര വെളിച്ചെണ്ണയാക്കി സൂക്ഷിക്കുന്നതിന് ആവശ്യമായ അനുമതി തരണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിരിക്കുകയാണ്. ഇവിടെ പറഞ്ഞതുപോലെ കേരഫെഡിന്റെ അംഗസംഘങ്ങൾ നാളികേരം വാങ്ങി കൊപ്രയാക്കുന്നില്ല. അതുകൊണ്ട് അത് കൊപ്രയാക്കുന്നതിനുള്ള സംവിധാനം നമ്മുടെ സംസ്ഥാനത്ത് ഉണ്ടാക്കുന്നതിനുവേണ്ടി നാളികേര വികസന കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. നാളികേര വികസന കൗൺസിലിന്റെ മുഖ്യമായ രണ്ട് ജോലികളിൽ ഒന്ന് കേരഫെഡിന്റെ അംഗസംഘങ്ങൾ നാളികേരം വാങ്ങി കൊപ്ര യാക്കാനുള്ള നടപടി എടുത്ത് സീസൺ ആരംഭിക്കുന്നതിന് മുമ്പ് ആവശ്യമായ സംവിധാനം ഉണ്ടാക്കലാണ്. രണ്ടാമത്തേത് നാളികേരത്തിന്റെ വൈവിദ്ധ്യ വൽക്കരണത്തിനാവശ്യമായിട്ടുള്ള നടപടികൾക്ക് രൂപം നൽകലാണ്. ഈ രണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ നിർവ്വഹിക്കാൻ നാളികേര വികസന കൗൺസിൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. കോക്കനട്ട് ബോർഡിന്റെ സഹായത്തോടുകൂടി നമ്മുടെ ഓരോ ജില്ലയിലും ഏറ്റവും ചുരുങ്ങിയത് 10 കൊപ്ര പ്രോസസിംഗ് യൂണിറ്റുകൾ സ്ഥാപിക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഓരോ യൂണിറ്റിനും രണ്ട് ലക്ഷം രൂപയുടെ സാമ്പത്തിക സഹായം കൊടുക്കാൻ കോക്കനട്ട് ബോർഡ് തയ്യാറാണ്. ആ സാമ്പത്തിക സഹായം ഉപയോഗിച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് ജില്ലകൾതോറും ഏറ്റവും ചുരുങ്ങിയത് 10 കൊപ്ര പ്രോസസിംഗ് യൂണിറ്റുകൾ രൂപീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

അടുത്ത സീസണിൽ കേന്ദ്ര ഗവൺമെന്റിന്റെ മിനിമം സപ്പോർട്ട് പ്രൈസിനേക്കാൾ താഴെയാണ് മാർക്കറ്റ് പ്രൈസ് എങ്കിൽ മിനിമം സപ്പോർട്ട് പ്രൈസിന് ഈ കൊപ്രാ പ്രോസസിംഗ് യൂണിറ്റുകളിൽ നിന്നും കൊപ്ര ശേഖരിക്കാനും അതുവഴി കേരളത്തിലെ കേര കർഷകന് അവരുടെ നാളികേരത്തിന് ന്യായ ലഭ്യമാക്കുന്നതിനും ആവശ്യമായിട്ടുള്ള അടിയന്തിര നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. അതോടൊപ്പം തന്നെ ഈ അംഗസംഘങ്ങൾ വഴി കൊപ്രാ പ്രോസസിംഗിനുവേണ്ടി നാളികേരം വാങ്ങുന്നതിനാവശ്യമായ സംവിധാനത്തെക്കുറിച്ചും ഗവൺമെന്റ് ആലോചിച്ച് വരികയാണ്. ഈ ദു:സ്ഥിതി കേരളത്തിന്റെ കാർഷിക മേഖലയിൽ ഉണ്ടായത് കേന്ദ്ര ഗവൺമെന്റിന്റെ പുത്തൻ സാമ്പത്തികനയവും ഇറക്കുമതിനയവുംകൊണ്ടാണ്. ഇതിനകം തന്നെ നാല്പത്തിനാല് ലക്ഷം ടൺ ഭക്ഷ്യ എണ്ണ നമ്മുടെ രാജ്യത്തിനകത്ത് ഇറക്കുമതി ചെയ്തുകഴിഞ്ഞിട്ടുണ്ട്. അതിന്റെ ഫലമായിട്ടാണ് ഇൻഡ്യയിലെ എണ്ണക്കുരുക്കൾക്ക് ന്യായമായ വില കിട്ടാതിരിക്കുന്നത്. വെളിച്ചെണ്ണയ്ക്ക് ന്യായമായ വില കിട്ടാതിരിക്കുന്നത് കേന്ദ്രഗവൺമെന്റിന്റെ പുത്തൻ സാമ്പത്തിക നയംകൊണ്ടാണ്. കോൺഗ്രസിന്റെ കേന്ദ്രഗവൺമെന്റ് പ്രഖ്യാപിച്ച സാമ്പത്തികനയം ബി.ജെ.പി.യുടെ ഇപ്പോഴത്തെ കേന്ദ്രഗവൺമെന്റ് അതേപടി നടപ്പിലാക്കുന്നതിന്റെ ഫലമായിട്ടാണ് ഈ സ്ഥിതിവിശേഷം ഉണ്ടായിട്ടുള്ളത്. സംസ്ഥാന ഗവൺമെന്റ് പരമാവധി കേരകർഷകരെ സംരക്ഷിക്കാനായിട്ടുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതിന് തയ്യാറാണെന്ന് ഈ സഭയെ അറിയിക്കുന്നതിൽ ഏറെ താൽപര്യമുണ്ട്.

<u>ശ്രീ. സത്യൻ മൊകേരി</u> : സർ, കൃഷിക്കാരിൽനിന്ന് കൊപ്ര സംഭരിക്കാതെ കച്ചവടക്കാരിൽ നിന്ന് കൊപ്ര സംഭരിക്കുന്നു. അതിൽ കോടിക്കണക്കിന് രൂപയുടെ തിരിമറി നടത്തുന്ന സംഘങ്ങളുണ്ട്. അതിൽ തട്ടിപ്പുകൾ നടന്നിട്ടുണ്ട്. അതിനെക്കുറിച്ച് ഗൗരവമായ അന്വേഷണം നടത്തി ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിന് തയ്യാറാകാമോ ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : സർ, ബഹുമാനപ്പെട്ട സത്യൻ മൊകേരി ചോദിച്ച ചോദ്യത്തെക്കുറിച്ച് ചില പത്രങ്ങളിൽ അതിനെക്കുറിച്ച് പരാതി വന്നിട്ടുണ്ട്. കർഷകരിൽ നിന്ന് കൊപ്ര ശേഖരിക്കാനാണ് കേരഫെഡിനെയും മാർക്കറ്റിംഗ് ഫെഡറേഷനെയും ചുമതലപ്പെടുത്തിയിട്ടുള്ളത്. അവർ കർഷകരിൽ നിന്ന് ശേഖരിക്കുന്നതിനുപകരം ചില വ്യാപാരികളിൽ നിന്ന് കൊപ്ര ശേഖരിച്ചതായി ചില പത്രങ്ങളിൽ പരാതി വന്നിട്ടുണ്ട്. ആ പരാതി കണ്ട ഉടനേതന്നെ ഇതിന്റെ സത്യാവസ്ഥ മനസ്സിലാക്കാൻ വേണ്ടി കൃഷി വകുപ്പ് സെക്രട്ടറിയേയും സഹകരണ വകുപ്പ് സെക്രട്ടറിയേയും അത് അന്വേഷിക്കുന്നതിനു വേണ്ടി നിയോഗിച്ചിട്ടുണ്ട്. അവരുടെ പ്രാഥമികാന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് ലഭിച്ചുകഴിഞ്ഞാൽ കൂടുതൽ അന്വേഷണം ആവശ്യമാണെങ്കിൽ ഏറ്റവും ഉയർന്ന തലത്തിലുള്ള അന്വേഷണം ഈ രംഗത്ത് നടത്താൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാണെന്ന് ഈ സഭയെ അറിയിക്കുന്നു.

<u>മി. സ്പീക്കർ</u> : ഓർഡർ,... ഓർഡർ...., ഇന്നലെ സഭാ ബഹിഷ്ക്കരണം

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിരുന്നതുകൊണ്ട് സബ്മിഷൻസ് ഒന്നും എടുത്തില്ല. ഇന്നലെ സബ്മിഷൻസ് എല്ലാം മാറ്റി വയ്ക്കുകയുണ്ടായി. പക്ഷേ, ഇന്ന് സബ്മിഷൻസ് എടുക്കണമെന്ന് അംഗങ്ങൾ വീണ്ടും വീണ്ടും ആവശ്യപ്പെടുന്ന സാഹചര്യത്തിൽ സബ്മിഷൻസ് എടുക്കാൻ ചെയർ ഉദ്ദേശിക്കുകയാണ്.

V സബ്മിഷൻ

(1) കെ. എ. പി. 4-ാം ബറ്റാലിയനിലേക്കുള്ള കോൺസ്റ്റബിൾ നിയമനം ത്വരിതപ്പെടുത്തൽ

ശ്രീ. എം. വി. ജയരാജൻ: സർ, കെ. എ. പി. 4-ാം ബറ്റാലിയനിലെ പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം ത്വരിതപ്പെടുത്തണമെന്നുള്ള ആവശ്യമാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. കണ്ണൂർ, കാസർഗോഡ്, വയനാട് ജില്ലകൾക്ക് ബാധകമായിട്ടുള്ള റാങ്ക് ലിസ്റ്റാണ് കെ. എ. പി. 4-ാം ബറ്റാലിയൻ പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റ്. 1995-ൽ അപേക്ഷ ക്ഷണിക്കുകയും 1996-ൽ പരീക്ഷ നടത്തുകയും 1997 ജൂലായ് മാസം 7-ാം തീയതി റാങ്ക് ലിസ്റ്റ് നിലവിൽ വരികയും ചെയ്തു. ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി ഈ ജൂലായ് മാസം 7-ാം തീയതി അവസാനിക്കാൻ പോകുകയാണ്. ഇപ്പോൾ റാങ്ക് ലിസ്റ്റിൽ 1153 പേരുണ്ട്. ഇതുവരെയായിട്ട് നിയമിക്കപ്പെട്ടത് 703 പേരെയാണ്. റാങ്ക് ലിസ്റ്റിൽ ഇപ്പോഴും 389 പേർ ബാക്കിയുണ്ട്. കഴിഞ്ഞ ഡിസംബർ, ജനുവരി, മാർച്ച് മാസങ്ങളിലായി ഒഴിവുകൾ റിപ്പോർട്ട് ചെയ്തത് 254 ആണ്. ജൂൺ മാസമാകുമ്പോൾ നിരവധി ഒഴിവുകളുണ്ടാകാൻ ഇടയുണ്ട്. കഴിഞ്ഞ മേയ് മാസം 13-ാം തീയതി സർക്കാരിന്റെ ഉത്തരവ് വഴി എ.ആർ.-ൽ ഉള്ള 100 കണക്കിന് പോലീസുകാരെ ലോക്കൽ പോലീസിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. അതുകൊണ്ട് മുഴുവൻ ഒഴിവുകളും റിപ്പോർട്ട് ചെയ്ത് പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിൽ ഉള്ളവരെ കാലാവധിക്ക് മുമ്പായി നിയമനം നടത്തണം.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ): സർ, പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിലിൽ നിന്ന് താഴെപ്പറയുന്ന ചില റിക്രൂട്ട്മെന്റ് നടത്തിയിട്ടുണ്ട്. കെ.എ.പി.1-992, കെ.എ.പി.2-884, കെ.എ.പി.3-1154, കെ.എ.പി.4-970, കെ.എ.പി. 5-570, എസ്.എ.പി.- 1331, എം.എസ്.പി.-1157. ആകെ 7056 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. 2000 ജനുവരി മുതൽ മേയ് വരെ താഴെ പറയുന്ന ഒഴിവുകൾ പി. എസ്. സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കെ.എ.പി.1-228, കെ.എ.പി.2-440, കെ.എ.പി.3-130, കെ.എ.പി.4-246, കെ.എ.പി.5-204, എം.എസ്.പി.-223.

(സബ്മിഷന് മുഖ്യമന്ത്രി മറുപടി പറയുമ്പോഴും പ്രതിപക്ഷാംഗങ്ങൾ മേശപ്പുറത്ത് ഇടിച്ചും സഭയുടെ നടുത്തളത്തിൽ നിന്ന് മുദ്രാവാക്യം വിളിച്ചും സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു. പ്രതിപക്ഷത്തെ ചില അംഗങ്ങൾ വാച്ച് ആന്റ് വാർഡിനെ തള്ളിമാറ്റി സ്പീക്കറുടെ ഡയസ്സിലേക്ക് കയറാൻ ശ്രമിക്കുകയും സഭാനടപടികൾ തടസ്സപ്പെടുത്തുകയും ചെയ്തപ്പോൾ ബഹുമാനപ്പെട്ട സ്പീക്കർ രാവിലെ 11.20-ന് സഭ അൽപസമയത്തേക്ക് നിർത്തിവച്ചു.)

LIBRARY ARCHIVES Kerala Legislative Assembly